# നിയമം കാറ്റിൽ പറത്തി ലോറികൾ ചീറിപ്പായുന്നു

തിരുവല്ല: തിരുവല്ലയിലെ വാഹന അപകടങ്ങളിൽ ഏറിയ പങ്കും ലോറികൾ മൂലം തന്നെ. ഇരുചക്രവാഹനങ്ങൾക്ക് എന്നും തീരാശാപമായി മാറുകയാണ് ഈ മണ്ണുലോറികൾ. പഴയ കാലത്തെ ലോറികളിൽനിന്നും വ്യത്യസ്ഥമായി ഇപ്പോൾ ഒരു പുതിയ ഭീകരൻകൂടി റോഡ് അടക്കിവാഴുന്നു. മറ്റൊന്നുമല്ല 'ട്രിപ്പർ ലോറികൾ' ദിവസം പത്തും 12-ഉം ട്രിപ്പെടുക്കുന്നതിനുള്ള മരണപ്പാച്ചിലിനിടയിൽ അപഹരിക്കപ്പെടുന്നതാകട്ടെ കുരുന്നുജീവിതങ്ങളും. ഈ ട്രിപ്പർ ലോറികൾ തമ്മിലുള്ള മത്സരഓട്ടം കാൽനടയാത്രക്കാർക്ക് വലിയ ഭീഷണിയായിരിക്കുന്നു. മണ്ണ് ലോഡ് കൂടാതെ കൂനവാരം കയറ്റിപോകുന്ന വാഹനത്തിന്റെ പിന്നിൽ വരുന്ന വാഹനങ്ങളുടെ മേൽ വീഴുന്ന പൊടി കണ്ണിൽ വീണും (പ്രത്യേകിച്ച് ഇരുചക്രവാഹനങ്ങളുടെ), വലിയ മണ്ണും കല്ലും കട്ടകൾ റോഡിലേക്ക് പൊഴിഞ്ഞുവീണും ഉണ്ടാകുന്ന അപകടങ്ങൾക്ക് കണക്കില്ല. ആനപ്പുറത്തിരിക്കുന്ന പാപ്പാന്റെ ഭാവമാണ് ഈ ലോറി ഡ്രൈവർമാർക്ക്. ഇത്തരം അപകടങ്ങളിൽ ലോറി ഡ്രൈവർമാർ പ്രതിയാകുന്നില്ല എന്നതാണ് സത്യം. ഇങ്ങനെ അകാലത്തിൽ പൊഴിഞ്ഞുപോകുന്ന ജീവിതങ്ങൾക്ക് ആര് ഉത്തരം പറയും?

കാലാവസ്ഥയെ തകിടംമറിച്ചുകൊണ്ട് പ്രകൃതിനിയമങ്ങൾ ലംഘിച്ചുകൊണ്ട് അനധികൃതമായി നടത്തുന്ന ഈ മണ്ണെടുപ്പും നികത്തലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അറിവും സമ്മതത്തോടുംകൂടിയാണെന്നു പറഞ്ഞാൽ നിഷേധിക്കാനാകുമോ? പാവം ജനം, അനുഭവിക്കുക തന്നെ.

ജെ.കെ.തിരുവല്ല